**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3657** **05-08-2021 - ല്‍ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളും കാര്‍ഷിക മേഖലയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീന്‍** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷന്‍ വകുപ്പ് മന്ത്രി)** | |
| (എ) | കാര്‍ഷിക മേഖലയുടെ പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍ക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങള്‍ നല്‍കുന്ന സഹായങ്ങള്‍ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ കാര്‍ഷിക ഉത്പാദനവും കാര്‍ഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികള്‍/ പ്രവര്‍ത്തനങ്ങള്‍ ആവിഷ്കരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാര്‍ സംഘങ്ങള്‍ക്ക് സര്‍ക്കുലര്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാര്‍ഷിക വായ്പ സഹകരണ സംഘങ്ങള്‍/ സര്‍വ്വീസ് സഹകരണ ബാങ്കുകള്‍/മറ്റ് വായ്പ സഹകരണ സംഘങ്ങള്‍ എന്നിവയ്ക്ക് ശാഖകള്‍ ആരംഭിക്കുന്നതിന് അനുമതി നല്‍കുന്നതിന് ടി സംഘങ്ങള്‍ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വര്‍ഷമോ അതിന് തൊട്ട് മുമ്പുള്ള വര്‍ഷമോ കാര്‍ഷിക വായ്പ നല്‍കിയിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാര്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. കാര്‍ഷിക ആവശ്യങ്ങള്‍ക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നല്‍കാവുന്ന പരമാവധി വായ്പ പരിധി 3 ലക്ഷത്തില്‍ നിന്നും 5 ലക്ഷം രൂപയായി ഉയര്‍ത്തിയും, ഇതിനു പുറമേ പുതുതായി, കാര്‍ഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാര്‍ഷിക ആവശ്യങ്ങള്‍ക്കും കാര്‍ഷിക അനുബന്ധ ആവശ്യങ്ങള്‍ക്കുമുള്ള സ്വര്‍ണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ച് നല്‍കുന്നതിനും സഹകരണ സംഘം രജിസ്ട്രാര്‍ സര്‍ക്കുലര്‍ നിര്‍ദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കാര്‍ഷികാവശ്യങ്ങള്‍ക്കായി കേരളാ ബാങ്കില്‍ നിന്നും താഴെ പറയുന്ന വായ്പാ പദ്ധതികള്‍ ലഭ്യമാണ്. 1. കെ.ബി കിസാന്‍ മിത്ര (Above 3 lakhs) 2. KBLT Agricultural Refinance 3. K B കിസാന്‍ മിത്ര 1. കര്‍ഷകര്‍ക്ക് വസ്തു ഈടിന്‍മേല്‍ അതാത് വര്‍ഷത്തെ വായ്പാ തോത് അനുസരിച്ച് 8.50 ശതമാനം പലിശനിരക്കില്‍ ഓരോ വര്‍ഷവും പുതുക്കി പരമാവധി 5 വര്‍ഷം വരെ ഹ്രസ്വകാല കാര്‍ഷിക വായ്പയായി അനുവദിച്ച് വരുന്നു. 2. |

| | | | |
|---|---|---|---|
| | | | കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ച് വരുന്നു. 3. പരമാവധി 15 വർഷത്തേക്ക് 60 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ച് വരുന്നു. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50% പലിശ നിരക്കിൽ കേന്ദ്രസർക്കാർ സബ്സിഡിയോട് കൂടി KB Micro food processing വായ്പ നൽകി വരുന്നു. കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്ത ലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME)സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖല കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility(SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF–II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശിക ഇല്ലാത്ത പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ, മാസതവണകളായി ഒരു വർഷകാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു. |
| (ബി) | കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ നിശ്ചിത ശതമാനം കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുണ്ട്. ടി സാമ്പത്തിക വർഷമോ അതിന് തൊട്ട് മുമ്പുള്ള വർഷമോ 20% എങ്കിലും കാർഷിക വായ്പ നൽകിയിരിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കാർഷിക വായ്പ നൽകുന്നതിന്റെ അളവ് | (സി) | ഉണ്ട്. തുടർച്ചയായി ഉണ്ടാകുന്ന പ്രളയവും, മറ്റ് |

| | | | |
|---|---|---|---|
| | കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | | പ്രകൃതി ക്ഷോഭങ്ങൾ കാരണവും കാർഷിക വൃത്തിയിൽ നഷ്ടം നേരിടുന്നതിനാലും, നിലവിലുള്ള വായ്പ തിരിച്ചടയ്ക്കാതെ കുടിശ്ശികയായി ബാക്കി നിൽക്കുന്നതിനാലും പല കർഷകർക്കും ആവശ്യത്തിനനുസരിച്ച് വായ്പ നൽകുവാൻ ബാങ്കുകൾക്ക് സാധിക്കുന്നില്ല. കൂടാതെ കൃഷി അനുബന്ധപ്രവർത്തനങ്ങൾ കുറഞ്ഞു വരുന്നതും, കാർഷിക മേഖലയിലെ ഉയർന്ന ഉൽപാദന ചെലവും കർഷകർ മറ്റു ജോലികളിലേയ്ക്ക് മാറിയിട്ടുള്ളതും കാരണം കാർഷിക വായ്പ അപേക്ഷകരുടെ എണ്ണം വർഷം തോറും കുറഞ്ഞുവരുന്നു. |
| (ഡി) | സഹകരണ മേഖലയിലെ കർഷക സേവന കേന്ദ്രങ്ങൾ കർഷകർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കർഷക സേവന കേന്ദ്രങ്ങൾക്ക് നൂതന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൃഷിക്കാവശ്യമായ യന്ത്രവൽകൃത സേവനങ്ങൾ നൽകുന്നതിനും ജൈവ കൃഷി, ജൈവവളശാലകൾ, നഴ്സറികൾ തുടങ്ങിയ സേവനങ്ങൾ കർഷക സേവന കേന്ദ്രങ്ങൾ വഴി നൽകുന്നു. കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിയ്ക്കുക, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി എന്നിവയെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക, കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിന്റെ കേന്ദ്രമായി പ്രവർത്തിയ്ക്കുക എന്നീ ലക്ഷ്യങ്ങളാണ് കർഷക സേവന കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ. 2021-22 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ